(ഡി) പേപ്പാറ ഡാമിലേയ്ക്കുള്ള നീരൊഴുക്ക് കുറയുകയാണെങ്കിൽ തിരുവനന്തപുരം നഗരത്തിലേയും പ്രാന്തപ്രദേശങ്ങളിലേയും ശുദ്ധജല ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകാൻ സാദ്ധ്യതയുണ്ട്.

(ഇ) ഇതിനു പരിഹാരമായി പേപ്പാറ ഡാമിന്റെ ഉയരം 6 മീറ്റർ കൂടി ഉയർത്തി സംഭരണശേഷി ഇപ്പോഴുള്ള 40 ദശലക്ഷം ഘനമീറ്ററിൽ നിന്ന് 70 ദശലക്ഷം ഘന മീറ്റർ ആയി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

നിളാനദിയിൽ തടയണ നിർമ്മാണം

51 [3192] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽ നിളാ നദിയിൽ ഒരു തടയണ നിർമ്മിക്കുന്നതിന് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശത്ത് ഒരു തടയണ നിർമ്മിക്കുന്നതിനു വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് തടയണ നിർമ്മിക്കണമെന്ന നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയപ്പോൾ സാധാരണ രീതിയിലുള്ള കോൺക്രീറ്റ് ചെക്ക്ഡാമോ മേസൺറി ചെക്ക്ഡാമോ പ്രായോഗികമല്ലെന്ന് കണ്ടതിനാൽ കൂടുതൽ നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

ഭാരതപ്പുഴയിലെ മുണ്ടായയിൽ റഗുലേറ്റർ സ്ഥാപിക്കുവാനും കുന്തിപ്പുഴയിൽ ഇട്ടക്കടവിൽ തടയണ സ്ഥാപിക്കുന്നതിനും പദ്ധതി

52 [3193] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയിലെ മുണ്ടായയിൽ റഗുലേറ്റർ സ്ഥാപിക്കുവാനും കുന്തിപ്പുഴയിൽ ഇട്ടക്കടവിൽ തടയണ സ്ഥാപിക്കുന്നതിനും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത രണ്ട് പദ്ധതികളും താമസംവിനാ നടപ്പാക്കുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭാരതപ്പുഴയിൽ മുണ്ടായയിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ് പണിയുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. കുന്തിപ്പുഴയിൽ ഇട്ടക്കടവിൽ തടയണ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly